നം. സി.ഇ.ഇ./1805/2009/റ്റി.എ.2

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

## എൽ.എൽ.എം 2009 പ്രവേശന പരീക്ഷ - അഡ്മിറ്റ് കാർഡ് വിതരണം - സംബന്ധിച്ച്

**2009 ഡിസംബർ 5- ാം തീയതി** ശനിയാഴ്ച തിരുവനന്തപുരം എസ്.എം.വി ഗവ. മോഡൽ ഹയർ സെക്കന്ററി സ്ക്കൂളിൽ വച്ച് നടത്തുന്ന എൽ.എൽ.എം പ്രവേശന പരീക്ഷയ്ക്ക് സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള പരീക്ഷാർത്ഥികൾക്ക് അഡ്മിറ്റ് കാർഡുകൾ ഈ ആഫീസിൽ നിന്നും അയച്ചിട്ടുണ്ട്. **03.12.2009** വരെ അഡ്മിറ്റ് കാർഡ് ലഭിയ്ക്കാത്തവർ **4- ാം തീയതി (വെള്ളിയാഴ്ച)** രാവിലെ 10മണിക്കും ഉച്ചയ്ക്ക് ഒരു മണിക്കും ഇടയിൽ തിരുവനന്തപുരത്ത് ശാന്തി നഗറിലുള്ള പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ പാസ്പോർട്ട് സൈസിൽ ഉള്ള ഒരു ഫോട്ടോ സഹിതം എത്തി അപേക്ഷ സ്വീകരിച്ചിട്ടുള്ള പക്ഷം ബന്ധപ്പെട്ട ലയ്സൺ ഓഫീസറിൽ നിന്നും ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. ഈ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് അഡ്മിറ്റ് കാർഡിനു പകരമായി പരീക്ഷാ ഹാളിൽ ഹാജരാക്കാവുന്നതാണ്.

ഇപ്രകാരം ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നവർ പരീക്ഷാ ദിവസം രാവിലെ 8.30 ന് മുൻപായി പരീക്ഷാ കേന്ദ്രത്തിൽ എത്തി ചീഫ് സൂപ്രണ്ടിനെ സമീപിച്ച് ഐഡന്റിഫിക്കേഷൻ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

പരീക്ഷ കഴിഞ്ഞ് OMR ഉത്തരക്കടലാസിനൊപ്പം Question Booklet-ഉം പരീക്ഷാർത്ഥി തിരികെ ഏൽപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം
28.11.2009

**പ്രവേശന പരീക്ഷാ കമ്മീഷണർ**